"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 22-03-2020

## സർക്കുലർ നം 15

ലോകം മുഴുവൻ ഭീഷണിയുയർത്തിയിട്ടുള്ള കൊറോണ വൈറസ് വ്യാപനത്തി ൻറെ പശ്ചാത്തലത്തിൽ കേരള സർക്കാരും ജയിൽ വകുപ്പും രോഗ പ്രതിരോധത്തിനായി വലിയ ശ്രദ്ധയും മുൻകരുതലും സ്വീകരിച്ചിട്ടുണ്ട്. തടവുകാരുടെ സുരക്ഷിതത്തം മുൻനിർത്തി ജയിൽ വകുപ്പ് സ്വീകരിച്ച നടപടികൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പ്രശംസ നേടിയതാണ്. 23.03.2020 വരെ തടവുകാരുടെ പരോൾ നിയന്ത്രിക്കപ്പെട്ടത് ഈ വിധത്തിലുള്ള ഒരു നടപടിയുടെ ഭാഗമായിട്ടാണ്. തടവുകാരുമായുള്ള ഇൻറർവ്യൂവിലും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ട്.

ഈ സാഹചര്യത്തിൽ എല്ലാ സ്ഥാപന മേധാവികളും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

1. ഇൻറർവ്യൂ ഹാൾ ഓരോ ദിവസവും രാവിലെയും വൈകുന്നേരവും അണു വിമുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഇൻറർവ്യൂവിന് വരുന്ന സന്ദർശകർ **ബ്രേക് ദ ചെയിൻ** പ്രക്രിയയിൽ ഏർപ്പെടുകയും മുഖം മാസ്ക് ഉപയോഗിച്ച് മറയ്ക്കുകയും നിശ്ചിത അകലം പാലിക്കുകയും വേണം.
3. ഇൻറർവ്യൂവിൻറെ പരമാവധി സമയ പരിധി 5 മുതൽ 10 മിനിട്ട് വരെയായി നിജപ്പെടുത്തിയിരിക്കുന്നു
4. ഇൻറർവ്യൂ അപേക്ഷകൾ അന്തേവാസികളുടെ അടുത്ത ബന്ധുക്കളാണെന്ന് വെൽഫെയർ ഓഫീസർ / ഓഫീസർ ഇൻ ചാർജ്ജ് ഉറപ്പു വരുത്തേണ്ടതാണ്
5.ഇൻറർവ്യൂവിന് തീരെച്ചെറിയ കുട്ടികളെ ഉൾപ്പെടുത്തുന്നതും അവരെ ലാളിക്കാൻ സാഹചര്യമൊരുക്കുന്നതും നിരുത്സാഹപ്പെടുത്തേണ്ടതാണ്.
6. 10 വയസ്സിന് താഴെ വയസ്സുള്ള കുട്ടികളെ ഇൻറർവ്യൂ കാണാൻ അനുവദിക്കരുത്. മാതാ പിതാക്കളോ ഭാര്യയോ ഭർത്താവോ ഒഴിച്ച് 65 വയസ്സിന് മുകളിലുള്ള സന്ദർശകർക്ക് ഇൻറർവ്യൂ അനുവദിക്കരുത്.
7. ഇൻറർവ്യൂ റൂമിൽ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതും എന്നാൽ സന്ദർശകരുടെ വിവരങ്ങൾ ശേഖരിക്കാനും അവർക്ക് രോഗ ബാധയോ രോഗ ബാധിതരുമായി സഹവാസമോ ഉണ്ടായിരുന്നോ എന്നത് മനസ്സിലാക്കാൻ ശ്രമിക്കേണ്ടതാണ്.
8. പരോൾ നിയന്ത്രണം മാർച്ച് 31 വരെ ദീർഘിപ്പിച്ചിരിക്കുന്നു. എന്നാൽ ഏപ്രിൽ 1 മുതൽ സൂപ്രണ്ടിൻറെ പരിധിയ്ക്ക് മുകളിൽ 30 ദിവസം വരെ പരോൾ അർഹതയുള്ള അന്തേവാസികളുടെ അപേക്ഷ ഡി.ജി.പി പരിഗണിയ്ക്കുന്നതാണ് എന്ന വിവരം പരോൾ അർഹതയുള്ള അന്തേവാസികളെ പാർപ്പിച്ചിരിക്കുന്ന സ്ഥാപന മേധാവികളെ അറിയിക്കുന്നു.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്
ദക്ഷിണ മേഖല / മദ്ധ്യ മേഖല / ഉത്തര മേഖല
ചീഫ് വെൽഫെയർ ഓഫീസർ
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും